**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1608** **01-02-2024 - ൽ മറുപടിയ്ക്ക്**

**സംഘങ്ങളുടെ രജിസ്ട്രേഷന് പൊതുവായ നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സംഘങ്ങളുടെ രജിസ്ട്രേഷനു വേണ്ടി നിലവിലുള്ള വ്യത്യസ്തമായ വ്യവസ്ഥകളും ഫീസ് ഘടനയും ഉള്ള രണ്ട് നിയമങ്ങളായ മലബാർ പ്രദേശത്ത് ബാധകമായ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് 1860 (The Societies Act 1860), തിരുവിതാംകൂർ-കൊച്ചി പ്രദേശത്ത് ബാധകമായ 1955-ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് എന്നിവയ്ക്ക് ബദലായി സംസ്ഥാനത്ത് പൊതുവായ നിയമം കൊണ്ടു വരുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ? | (എ) | ഉണ്ട്. മലബാർ പ്രദേശത്ത് ബാധകമായ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് 1860 (The Societies Act 1860), തിരുവിതാംകൂർ - കൊച്ചി പ്രദേശത്ത് ബാധകമായ 1955 -ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് എന്നിവയ്ക്ക് ബദലായി സംസ്ഥാനത്ത് ഏകീകൃത സൊസൈറ്റി നിയമം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള കരട് കേരള സംഘ രജിസ്ട്രേഷൻ ബിൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ